"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - ഭിന്നശേഷിക്കാർക്കായുള്ള 2016-ലെ ഭിന്നശേഷി അവകാശനിയമം അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും കെ.എസ്.ആർ.ടി.സി.യിലും അനുബന്ധ സ്ഥാപനങ്ങളിലും പൂർണ്ണമായും നടപ്പിലാക്കുവാൻ നിർദ്ദേശം നൽകികൊണ്ടും, RPWD Act ൽ പ്രതിപാദിച്ചിട്ടുള്ള 17 തരം വൈകല്യങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര, സർക്കാർ അംഗീകാരത്തിന് വിധേയമായി, അനുവദിച്ച CMD, KSRTC യുടെ നടപടി സാധൂകരിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.181/2022/TRANS തീയതി,തിരുവനന്തപുരം, 04-05-2022

---

പരാമർശം:-

1. GO(MS) No. 34/98/TRANS dated 20/07/1998.
2. GO(MS) No. 24/2003/TRANS dated 07/05/2003.
3. GO(MS) No. 18/2008/TRANS dated 17/04/2008.
4. GO(MS) No. 37/2011/TRANS dated 20/07/2011.
5. GO(Rt) No. 200/2012/TRANS dated 17/04/2012.
6. OP(RPWD) No. 2660/S2/2019 നമ്പർ കേസിലെ ബഹു. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 30.10.2021 ലെ ഉത്തരവ്
7. OP(RPWD) No. 4193/S2/2021 നമ്പർ കേസിലെ ബഹു. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 29.11.2021 ലെ ഉത്തരവ്.
8. C&MD, KSRTC യുടെ 18/01/2022 ലെ 496/GL7(LR)2021/RTC നമ്പർ നടപടിക്രമം.

**ഉത്തരവ്**

സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന KSRTC ബസുകളിൽ ഭിന്നശേഷിക്കാർക്ക് സൗജന്യ യാത്രാപാസ് അനുവദിച്ചുകൊണ്ട് പരാമർശം (1) മുതൽ (5) വരെ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് Blindness, Locomotor Disability, Cerebral Palsy, Intellectual Disability എന്നീ വൈകല്യങ്ങൾക്ക് നിലവിൽ യാത്രാ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ, 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിൽ പ്രതിപാദിക്കുന്ന 21 തരം ഭിന്നശേഷിക്കാരിൽ എല്ലാവർക്കും ഇത്തരം ഒരു ആനുകൂല്യം ഇപ്പോൾ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും, ഭിന്നശേഷിക്കാരും, മറ്റുള്ള പൗരന്മാരുമായോ, ഭിന്നശേഷിക്കാർ തമ്മിലോ യാതൊരുവിധത്തിലുമുള്ള വേർതിരിവ് (discrimination) ഉണ്ടാകാൻ പാടില്ല എന്നും അവർക്ക് എല്ലാ രംഗത്തും തുല്യതയ്ക്ക് അവകാശമുണ്ടെന്നും ഭിന്നശേഷി അവകാശ

നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, നിലവിലെ യാത്രാസൗജന്യം സംബന്ധിച്ച ഉത്തരവ് കെ.എസ്.ആർ.ടി.സി. പുനഃപരിശോധിച്ച് ഭിന്നശേഷി അവകാശ നിയമത്തിൽ പ്രതിപാദിക്കുന്ന 21 വിഭാഗങ്ങൾക്കും സൗജന്യയാത്രാ പാസ് UDID കാർഡിന്റേയോ, ഭിന്നശേഷി സർട്ടിഫിക്കിറ്റിന്റേയോ അടിസ്ഥാനത്തിൽ നൽകുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് പരാമർശം (7) പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സിക്ക് സംസ്ഥാന ഭിന്നശേഷി കമ്മീഷൻ ശുപാർശ ഉത്തരവ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ The Rights to Persons with Disabilities Bill - 2016 [RPWD Act]-ൽ പ്രതിപാദിച്ചിട്ടുള്ള 17 തരം വൈകല്യങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര, സർക്കാർ അംഗീകാരത്തിന് വിധേയമായി, അനുവദിച്ചുകൊണ്ട് പരാമർശം (8) പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. 2016-ലെ ഭിന്നശേഷിക്കാർക്കുള്ള ഭിന്നശേഷി അവകാശനിയമം അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷൻ പരാമർശം (6) ഉത്തരവ് പ്രകാരം സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ പരാമർശം (6) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2016-ലെ ഭിന്നശേഷിക്കാർക്കായുള്ള ഭിന്നശേഷി അവകാശ നിയമം, നിലവിലുള്ള വരുമാനപരിധി നിലനിർത്തികൊണ്ട്, പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിക്കൊണ്ടും ടി നിയമം അനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങൾക്കും കെ.എസ്.ആർ.ടി.സി.യിലും അനുബന്ധ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്ക് അർഹതയുണ്ട് എന്ന് വ്യക്തമാക്കിക്കൊണ്ടും, സർക്കാർ അംഗീകാരത്തിന് വിധേയമായി പരാമർശം (8) ഉത്തരവ് പുറപ്പെടുവിച്ച ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.

ധനകാര്യ (പി.യു.എ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ (വെബ് &മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്

(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ഗതാഗത വകുപ്പ് മന്ത്രിയുടെ എ.പി.എസിന്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by Radhakrishnan S S
Date: 04-05-2022 13:12:50

സെക്ഷൻ ഓഫീസർ